Government of Kerala

K. Anvar Sadath
Executive Director

IT @ School

IT@SCHOOL PROJECT &
'VICTERS' EDUCATIONAL CHANNEL

Poojappura P.O. Thiruvananthapuram 695 012 Kerala India
Tel : +91 471 2529800 Fax : 0471 2529810
Email : director@itschool.gov.in www.itschool.gov.in

തീയതി : 24.10.2011

# പത്രക്കുറിപ്പ്

## കുട്ടികൾക്ക് ആധാർ നൽകുന്നതിന്റെ മാർഗ നിർദ്ദേശങ്ങളായി

2012 മാർച്ച് മാസത്തോടെ സംസ്ഥാനത്തെ സ്കൂളുകളിലെ മുഴുവൻ കുട്ടികൾക്കും ഏകീകൃത തിരിച്ചറിയൽ നമ്പർ (യു.ഐ.ഡി അഥവാ ആധാർ) നൽകുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുറത്തിറക്കി. ഇതനുസരിച്ച് സ്കൂളുകളിൽ യു.ഐ.ഡി നമ്പർ നൽകുന്നതിനുള്ള എൻറോൾമെന്റ് നടപടിക്രമങ്ങൾ അക്ഷയ, കെൽട്രോൺ തുടങ്ങിയ അംഗീകൃത ഏജൻസികൾക്കായിരിക്കും. ഏകോപനം ഐടി@സ്കൂൾ പ്രോജക്ടായിരിക്കും. ഇതനുസരിച്ച് ഓരോ കുട്ടിയുടെയും കെ.വൈ.ആർ ഭാഗത്തു പറയുന്ന കാര്യങ്ങൾ (പേര്, ജനന തീയതി, ലിംഗം, അച്ഛന്റെ പേര്, അമ്മയുടെ പേര്, വിലാസം, പിൻകോഡ്) നിർബന്ധമായും നൽകേണ്ടതാണ്. ഇതു കൂടാതെ സ്കൂൾ കോഡും, കുട്ടിയുടെ അഡ്മിഷൻ നമ്പറും റേഷൻ കാർഡ് നമ്പറുണ്ടെങ്കിൽ അതും കെ.വൈ.ആർ പ്ലസായി നൽകണം.

ഫോമുകൾ പൂരിപ്പിക്കേണ്ടതും വെരിഫൈ ചെയ്യേണ്ടതും കുട്ടിയുടെ സഹായത്തോടെ അതത് ക്ലാസ് ടീച്ചർമാരാണ്. പൂരിപ്പിച്ച ഫോം കുട്ടി വീട്ടിൽ കാണിച്ച് രക്ഷിതാക്കളുടെ അംഗീകാരം വാങ്ങണം. ക്ലാസ് ടീച്ചറിന്റെ ഒപ്പും സ്കൂളിന്റെ സീലും പതിച്ച ഓരോ കുട്ടിയുടെയും രജിസ്ട്രേഷൻ ഫോം എൻറോൾമെന്റ് തീയതിക്ക് മുമ്പ് തന്നെ ബന്ധപ്പെട്ട ഏജൻസികളെ ഏല്പിക്കണം. സ്കൂളുകളിൽ ഡിവിഷൻ തിരിച്ചാണ് കുട്ടികളുടെ രജിസ്ട്രേഷൻ. സ്കൂളുകളിലെ എൻറോൾമെന്റ് കാര്യങ്ങൾ പ്രഥമാധ്യാപകന്റെ മേൽനോട്ടത്തിലായിരിക്കും. വെരിഫയർമാർക്ക് നൽകുന്ന തുകയ്ക്ക് പുറമെ എൻറോൾമെന്റ് ചെയ്യുന്ന കുട്ടികളുടെ എണ്ണത്തിനാനുപാതികമായി നിശ്ചിത തുക സ്കൂളുകളിലെ ഐടി പശ്ചാത്തല സൗകര്യമൊരുക്കാനായി യു.ഐ.ഡി ഫണ്ടിൽ നിന്നും ലഭ്യമാക്കും. എൻറോൾമെന്റ് നടത്താനായി അംഗീകൃത ഏജൻസികൾക്ക് ആവശ്യമായ സ്ഥലസൗകര്യവും വൈദ്യുതി സൗകര്യവും സ്കൂളുകൾ നൽകണം. എൻറോൾമെന്റ് നടത്തേണ്ട സ്കൂളുകളുടെ ലിസ്റ്റ് ഐടി@സ്കൂൾ പ്രോജക്ട് ലഭ്യമാക്കണം.

ആധാറിനായി ശേഖരിക്കുന്ന വിവരം യു.ഐ.ഡി അതോറിറ്റിയുടെ സെർവറിൽ അപ് ലോഡ് ചെയ്യാനും വിദ്യാഭ്യാസ വകുപ്പ് നിഷ്കർഷിക്കുന്ന ക്ഷേമ പ്രവർത്തനങ്ങൾക്കു മല്ലാതെ മറ്റൊരു കാര്യത്തിനും ഉപയോഗിക്കില്ല എന്ന് ബന്ധപ്പെട്ട ഏജൻസികൾ ഉറപ്പുവരുത്തണം. കുട്ടികളുടെ സ്വകാര്യത പൂർണമായും സംരക്ഷിക്കേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടികൾ എടുക്കുമെന്നും സർക്കുലർ നിഷ്കർഷിക്കുന്നുണ്ട്. സർക്കുലർ **www.education.kerala.gov.in** ൽ ലഭ്യമാണ്.

**കെ. അൻവർ സാദത്ത്**
എക്സിക്യൂട്ടീവ് ഡയറക്ടർ
ഐടി@സ്കൂൾ പ്രോജക്ട്